LIBRARY ARCHIVES Kerala Legislative Assembly

കുന്ദമംഗലം സബ് ട്രഷറി

230 (578) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നമംഗലത്ത് പുതിയ സബ് ട്രഷറി പ്രവർത്തനമാരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) സബ് ട്രഷറി ഓഫീസർ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ ; ജീവനക്കാരെ പുനർ വിന്യാസത്തിലൂടെ എവിടെ നിന്നെല്ലാമാണ് എടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കുന്ദമംഗലത്ത് ഒരു ഏകാംഗ ട്രഷറി പ്രവർത്തിച്ചിരുന്ന എന്നത് കണക്കിലെടുത്തും നിയമസഭയിൽ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിലും പുതുതായി സബ് ട്രഷറി ഓഫീസർ തസ്തിക ഒഴികെ മറ്റൊരു തസ്തികയും സൃഷ്ടിക്കയില്ലെന്നും അധികമായി വേണ്ടി വരുന്ന തസ്തിക പുനർ വിന്യാസം വഴി കണ്ടെത്തേണ്ടതാണെന്നുമുള്ള വ്യവസ്ഥയിൽ കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം കേന്ദ്രമാക്കി സബ് ട്രഷറി ആരംഭിക്കുന്നതിന് 18-8-2014-ലെ സ.ഉ.(എംഎസ്.)343/14/ധന പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് 19-9-2014-ലെ സ.ഉ.(പി) 400/14/ധന പ്രകാരം നിയന്ത്രണമേർപ്പെടുത്തിയിട്ടുള്ളതിനാൽ 2015 മാർച്ചിനുശേഷം മാത്രമേ ഇതു സംബന്ധിച്ച് തീരുമാനമെടുക്കാൻ നിർവ്വാഹമുള്ളൂ.

പയ്യന്നൂർ, ചെറുപുഴ സബ് ട്രഷറി ഓഫീസിന് കെട്ടിടം

231 (579) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ചെറുപുഴ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സബ് ട്രഷറി ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

ചെറുപുഴ സബ്ട്രഷറിക്ക് സ്വന്തമായി സ്ഥലം ഇല്ലാത്ത സാഹചര്യത്തിൽ കെട്ടിടം നിർമ്മിക്കുവാൻ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.